**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 76 — 11.03.2015 -ൽ മറുപടിയ്ക്ക്

<u>നിയുക്തി **2015**</u>

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
| --- | --- |
| **ശ്രീ. എം.പി. വിൻസെന്റ്**<br>**ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്** | **ശ്രീ.ഷിബു ബേബി ജോൺ**<br>**(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിയുക്തി 2015 എന്ന പേരിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ യുവജനങ്ങൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭത്തിന് എംപ്ലോയ്മെന്റ് വകുപ്പ് തുടക്കം കുറിച്ചിട്ടുള്ളത്. |
| (സി) ആരെല്ലാമാണ് ഈ ഫെയറുമായി സഹകരിക്കുന്നത്; | (സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിലുള്ള എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടേയും, അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകളുടേയും സംയുക്താഭിമുഖ്യത്തിലാണ് "നിയുക്തി 2015" ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുള്ളത്. "നിയുക്തി 2015" തൊഴിൽ മേളയ്ക്ക് നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ സോഫ്റ്റ്‌വെയർ പ്രയോജനപ്പെടുത്തുകയുണ്ടായി. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ വെച്ച് നടന്ന ജോബ് ഫെയറിൽ നിലമ്പൂർ നഗരസഭയുടെ സഹകരണവും ഉണ്ടായിരുന്നു. |
| (ഡി) ഏതെല്ലാം മേഖലയിലുള്ളവരാണ് ഈ ഫെയറിൽ പങ്കെടുക്കുന്നത് ? | (ഡി) കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ മേഖലയിലെ ഐ.റ്റി., ബാങ്കിംഗ്, ഇൻഷുറൻസ്, ആരോഗ്യം, ടൂറിസം, റീട്ടെയ്ൽ, ആട്ടോമൊബൈൽ, ചെറുകിട വ്യവസായ |

യൂണിറ്റുകൾ, ടെക്സ്റ്റൈൽ തുടങ്ങി 300 ലധികം തൊഴിൽ ദാതാക്കൾ പ്രസ്തുത തൊഴിൽ മേളകളിൽ പങ്കെടുക്കുകയും 45,000 ത്തിലധികം തൊഴിൽരഹിതർ പ്രസ്തുത തൊഴിൽ മേളയ്ക്ക് എത്തിച്ചേരുകയും, 17,875 ഒഴിവുകൾക്ക് നിയമന ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ